ശ്രീ. വി. ഡി. സതീശൻ: ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ, ഇവിടെ ഈ തടസ്സവാദങ്ങൾ ഉന്നയിച്ച ധാരാളം precedents ഉണ്ട്. പൊതുവായി അത് ശരിയല്ലായെന്ന് പറയാം. പക്ഷെ സഭയിൽ ഉന്നയിച്ച ധാരാളം മുൻ കീഴ്വഴക്കങ്ങളുണ്ട്. അത് മാത്രമല്ല വർക്കല രാധാകൃഷ്ണൻ സാർ സ്പീക്കറായി ഇരുന്ന സമയത്ത് അദ്ദേഹം ഈ കാര്യത്തിൽ, ഏത് സമയത്തുവേണമെങ്കിലും ഒരു ക്രമപ്രശ്നമുന്നയിക്കാനുള്ള അവകാശം ഒരു മെമ്പർക്കുണ്ട് എന്നുള്ളതിന് റൂളിംഗും കൊടുത്തിട്ടുണ്ട്, ജനറൽ ആയി അത് ശരിയല്ല, എന്തുകൊണ്ടാണ് എടുക്കാൻ പറ്റാത്തതെന്ന ഇന്നത്തെ സാഹചര്യമറിയാം.

മി. സ്പീക്കർ: അദ്ദേഹത്തിന് ഉന്നയിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്തിട്ടില്ല. അതുകൊണ്ടാണ് അനുവദിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, അതുകൊണ്ട് അങ്ങനെയുള്ള ഒരു റൂളിംഗായി മാറരുത്, ഭാവിയിൽ അത് ചെയ്യാൻ പറ്റാത്ത ചില സാഹചര്യങ്ങളിൽ ചെയ്യേണ്ടിവരും.

മി. സ്പീക്കർ: അവകാശത്തെ ചോദ്യം ചെയ്തിട്ടില്ല. മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ സംസാരിക്കുന്നില്ല.